# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 6327 — 31.10.2011 -ൽ മറുപടിയ്ക്ക്

## ഭൗമ വിവര സാങ്കേതിക വിദ്യയോടുകൂടിയ വനപരിപാലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) വനവൽക്കരണ പദ്ധതി ആരംഭിച്ചിതെന്നാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) വനവൽക്കരണപ്രവർത്തനങ്ങൾ ഡിപ്പാർട്ടുമെന്റിന്റെ തുടക്കത്തിലേ ആരംഭിച്ചിരുന്നു. വിവിധ ഏജൻസികളുടെ ധനസഹായത്തോടെയും വനവൽക്കരണം നടത്തുന്നുണ്ട്. 1984-മുതൽ വേൾഡ് ബാങ്ക് സഹായത്തോടെയുള്ള സാമൂഹ്യ വനവൽക്കരണവും 1994-95 മുതൽ പരിഹാര വനവൽക്കരണവും, 2003 തൊട്ട് ദേശീയ വനവൽക്കരണ പരിപാടികളും നടത്തിയിട്ടുണ്ട്. വനവൽക്കരണ പരിപാടികളുടെ വിലയിരുത്തൽ അപ്പപ്പോൾ തന്നെ ഡിപ്പാർട്ട്മെന്റ് മുഖേനയും പുറത്തുള്ള ഏജൻസികളെകൊണ്ടും നടത്തി വരുന്നു. |
| ബി) വനംവകുപ്പ്വനപരിപാലന വിവര സാങ്കേതിക സമ്പ്രദായം വികസിപ്പിച്ചെടുത്തിട്ടുണ്ടോ വിശദമാക്കുമോ ; | ബി) വികസിപ്പിച്ചിട്ടെടുത്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. വനപരിപാലന വിവരസാങ്കേതിക സമ്പ്രദായത്തിന്റെ ഭാഗമായി വനം വകുപ്പിൽ റെയിഞ്ച് തലം വരെ കമ്പ്യൂട്ടർ വൽക്കരണം നടത്തിയിട്ടുണ്ട്. ഇപ്പോൾ വനംവകുപ്പിലെ പ്രതിമാസ അക്കൗണ്ട്സ് പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ചു കഴിഞ്ഞു. വിവരസംവിധാനം ഏറ്റവും മെച്ചപ്പെട്ടരീതിയിൽ രൂപപ്പെടുത്തുന്നതിന് വകുപ്പിന്റെ പ്രവർത്തനങ്ങളെ പ്രധാനമായും 16 ഘടകങ്ങളാക്കി തരംതിരിച്ചു കൊണ്ട് സമ്പൂർണ്ണ അപഗ്രഥനം നടത്തി സമീപഭാവിയിൽ ഉണ്ടാകാവുന്ന പുതിയ വിവരാവശ്യങ്ങൾ കൂടി പരിഗണിച്ച് ഓരോ ഘടകത്തിനും അനുയോജ്യമായ പ്രോഗ്രാമുകൾ രൂപ കൽപ്പന ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ കേരളാ വനം വകുപ്പിന്റെ വെബ്പോർട്ടൽ (www. forest. kerala.gov.in) സ്ഥാപിച്ചിട്ടുണ്ട്. വനത്തെക്കുറിച്ചും വനവിഭവങ്ങളെക്കുറിച്ചും വന്യജീവികളെക്കുറിച്ചുമുള്ള വിവരങ്ങൾ ഈ പോർട്ടലിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാണ്. ഇത് കാലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്തു വരുന്നു. വനംവകുപ്പിനെ സംബന്ധിക്കുന്ന പ്രധാന വിവരങ്ങൾ, നിയമങ്ങൾ, ഗവൺമെന്റ് ഉത്തരവുകൾ, തടിവില്പനവിവരങ്ങൾ, ലേല വിവരങ്ങൾ മുതലായവ ഈ വെബ്പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| i) | ഭൗമ വിവര സാങ്കേതിക വിദ്യ യോടുകൂടിയ വനപരിപാലന സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | സി) സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ